DESPATCHED
On. 25/01/2020
7.1.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 1118(6)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.16147/SIC-Gen5/2016**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. പി. ചന്ദ്രൻ,
ചിത്രാലയം,
ഇലത്താളം വയൽ,
തൃച്ഛംബലം, തളിപ്പറമ്പ്,
കണ്ണൂർ – 670 141. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്സ്,
ഉത്തര മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കോഴിക്കോട്–673 029. } എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 8.11.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 22.12.2016 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 24.12.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30.1.2017 & 20.12.2019 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 31.12.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 1.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട് |
| ഹിയറിംഗ് സാന്നിദ്ധ്യം | പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരുണ്ടായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി. ചന്ദ്രൻ, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ജി2–6827/15/ആർ.ഡി.ഡി (ഉ.മേ) പ്രകാരം ഇ.എസ്.ഐ യുമായി ബന്ധപ്പെട്ട അപേക്ഷ എന്തു കാരണത്താലാണ് നിരസിച്ചിരിക്കുന്നത് എന്നാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ഇ.എസ്.ഐ ഡിസ്പെൻസറിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഹർജിക്കാരൻ ചികിത്സ നടത്തിയതിന് ചെലവായ തുക ഇ.എസ്.ഐ വ്യവസ്ഥകൾ പ്രകാരം തിരിച്ചു കിട്ടുന്നതിന് പ്രസ്തുത ഡിസ്പെൻസറിയിൽ സമർപ്പിച്ച മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷ തുടർ നടപടിക്കായി ഉത്തരമേഖലാ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അയച്ചു നൽകിയിരുന്നു എന്നും അതിന്മേലുള്ള തുടർ നടപടി എന്തായി എന്നാരാഞ്ഞു കൊണ്ട് ഹർജിക്കാരൻ 14.11.2016 തീയതി സമർപ്പിച്ചിരുന്ന വിവരാവകാശ അപേക്ഷയാണ് കമ്മീഷൻ മുമ്പാകെ പരാതിയായി ഉന്നയിച്ചിരുന്നത് എന്നും ഹർജിക്കാരൻ നൽകിയ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷ എതിർകക്ഷി ഓഫീസിൽ നിന്നും പാസ്സാക്കി നൽകിയിരുന്നു എന്നും ആയതിന്റെ പണം ടിയാന് ലഭിച്ചിരുന്നു എന്നും അക്കാര്യം സ്ഥിരീകരിക്കാൻ എതിർകക്ഷി ഓഫീസിൽ നിന്നും 30.12.2019 തീയതി ഹർജിക്കാരനെ ബന്ധപ്പെട്ടപ്പോൾ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ക്ലെയിം അക്കാലത്ത് തന്നെ കിട്ടിയിരുന്നു എന്നും ഇപ്പോൾ അതു സംബന്ധിച്ച് പരാതി ഒന്നും ഇല്ലെന്ന് ടിയാൻ അറിയിച്ചു എന്നും വിവരാവകാശ നിയമ പ്രകാരമുള്ള മറുപടി ലഭിക്കാത്തതിനാൽ അന്ന് വിവരാവകാശ കമ്മീഷന് അപേക്ഷ അയച്ചിരുന്നുവെങ്കിലും മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് പ്രകാരമുള്ള പണം കിട്ടിയതിനാൽ അക്കാര്യത്തിൽ പരാതി ഇല്ലെന്നു ടിയാൻ അറിയിക്കുകയുണ്ടായി എന്നും ഹർജിക്കാരന്റെ അപേക്ഷ 14.11.2016 തീയതി മേൽപ്പടി ഓഫീസിൽ ലഭിച്ചു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ശേഖരിച്ച് ടിയാന് മറുപടി നൽകുന്നതിനായി തളിപ്പറമ്പ് ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഓഫീസ് മേധാവി ആയ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർക്ക് ആയത് അയച്ച നൽകിയിരുന്നു എന്നും ആയതു പ്രകാരം തളിപ്പറമ്പ് ഇ.എസ്.ഐ ഡിസ്പെൻസറിയിലെ മെയിൻ ഓഫീസ് 21.12.2016 തീയതി ഹർജിക്കാരന് മറുപടി നൽകിയിരുന്നു എന്നും മറ്റുമാണ്.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ഈ അവസരത്തിൽ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 7-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk